# ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടിക്രമം

## (സാന്നിധ്യം: കെ പത്മകുമാർ ഐ പി എസ്)

വിഷയം: മോട്ടോർ വാഹന വകുപ്പ്-ജീവനകാര്യം-ജൂനിയർ സൂപ്രണ്ട് കേഡറിലേക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം & പോസ്റ്റിംഗ് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. 03-10-2018-ലെ എ4/ഇ-48349/17/റ്റിസി നമ്പർ ഉത്തരവ്
2. 15-10-2018-ലെ എ4/ഇ-48349/17/റ്റിസി നമ്പർ ഉത്തരവ്
2. 11-06-2018-ലെ എ6/10/2013/റ്റിസി നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം. എ3/9377/2016-റ്റിസി തീയതി: 02-11-2018</u>**

പരാമർശം 1-ലെയും, പരാമർശം 2-ലേയും ഉത്തരവ് പ്രകാരം 3 ജൂനിയർ സൂപ്രണ്ടുമാർക്ക് സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. തത്ഫലമായി മോട്ടോർ വാഹന വകുപ്പിൽ മൂന്ന് ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. മേൽപറഞ്ഞ ജൂനിയർ സൂപ്രണ്ടുമാരുടെ 3 ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള ഏറ്റവും സീനിയറായിട്ടുള്ള താഴെ പറയുന്ന ഹെഡ് അക്കൌണ്ടന്റ്/ ഹെഡ് ക്ലർക്ക്/പബ്ലിക് റിലേഷൻസ് ഓഫീസർമാരെ പരിഗണിക്കുകയുണ്ടായി.

| ക്രമ നം | ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയുടെ പേര് | ഓഫീസ് |
|---|---|---|
| 1 | ശ്രീ.വി.സുരേശൻ | എസ് ആർ റ്റി ഒ, കാഞ്ഞങ്ങാട് |
| 2 | ശ്രീമതി.സി വി മഞ്ജുള | ഡി റ്റി സി, തൃശ്ശൂർ |
| 3 | ശ്രീ.കെ ചന്ദ്രകുമാർ | എസ് ആർ റ്റി ഒ, പാറശ്ശാല |
| 4 | ശ്രീ.പി.പ്രദീപ് കുമാർ | ആർ റ്റി ഒ, കാസർഗോഡ് |
| 5 | ശ്രീ.സോൾജൻ എം എസ് | എസ് ആർ റ്റി ഒ, നെയ്യാറ്റിൻകര |

2. മേല്പറഞ്ഞ ഉദ്യോഗസ്ഥരിൽ ശ്രീമതി സി വി മഞ്ജുള (ക്രമ നം.2), ഹെഡ് അക്കൌണ്ടന്റ്/ഹെഡ് ക്ലർക്ക്/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ല. ശ്രീ.കെ. ചന്ദ്രകുമാറിന് (ക്രമ നം.3) എതിരെ കേരള സിവിൽ സർവ്വീസ് (സി സി എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടികൾ നിലനിൽക്കുന്നു. ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥരെ പ്രൊമോഷനായി പരിഗണിച്ചിട്ടില്ല. ശ്രീ.വി.സുരേശൻ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താത്ക്കാലികമായി ത്യജിച്ച് കൊണ്ട് നൽകിയിരുന്ന അപേക്ഷ പിൻവലിക്കുകയുണ്ടായി

3. ഹെഡ് അക്കൌണ്ടന്റ്/ഹെഡ് ക്ലർക്ക്/പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ കേഡറുകളിലുള്ള ശ്രീ.വി.സുരേശൻ, ശ്രീ.പി.പ്രദീപ് കുമാർ, ശ്രീ.സോൾജൻ എം എസ് എന്നിവരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം-II പൊതുചട്ടങ്ങളിലെ 28(ബി)(ii) ചട്ടത്തിനനുസൃതമായി 30700-65400 രൂപ എന്ന പുതുക്കിയ പേ സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് കേഡറിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

4. താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാർക്ക് ഇതോടൊപ്പം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷൻ | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന സ്റ്റേഷൻ | റിമാർക്ക് |
|---|---|---|---|---|
| 1 | ശ്രീ.എസ്.സുരേഷ് കുമാർ | ആർ റ്റി ഓഫീസ്, തിരുവനന്തപുരം | ആർ റ്റി ഓഫീസ്, ആറ്റിങ്ങൽ | അനുകമ്പാർഹമായ അപേക്ഷയിന്മേൽ |
| 2 | ശ്രീമതി.പ്രിയ പ്രസന്നൻ | ആർ റ്റി ഓഫീസ്, ആറ്റിങ്ങൽ | ആർ റ്റി ഓഫീസ്, തിരുവനന്തപുരം | അപേക്ഷയിന്മേൽ |
| 3 | ശ്രീമതി.എം.എൻ.മായ | സബ് ആർ റ്റി ഓഫീസ്. ഉടുമ്പൻചോല | ആർ റ്റി ഓഫീസ്, ഇടുക്കി | അപേക്ഷയിന്മേൽ |

5. ഖണ്ഡിക 2 പ്രകാരം ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥർക്ക് താഴെ പറയുംപ്രകാരം പോസ്റ്റിംഗ് നൽകി ഉത്തരവാകുന്നു

| ക്രമ നം | ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയുടെ പേര് | പോസ്റ്റിംഗ് നൽകിയ ഓഫീസ് |
|---|---|---|
| 1 | ശ്രീ.വി.സുരേശൻ | എസ് ആർ റ്റി ഒ, ഉടുമ്പൻചോല |
| 2 | ശ്രീ.പി.പ്രദീപ് കുമാർ | എസ് ആർ റ്റി ഒ, ഉഴവൂർ |
| 3 | ശ്രീ.സോൾജൻ എം എസ് | എസ് ആർ റ്റി ഒ, ഇരിഞ്ഞാലക്കുട |

5. ബന്ധപ്പെട്ട ഓഫീസ് തലവന്മാർ മേല്പറഞ്ഞ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ച തീയതിയും, അവർക്ക് വിടുതൽ നൽകിയ തീയതിയും ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്

**ട്രാൻസ്പോർട്ട് കമ്മീഷണർ**

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

03/11/14